# പൂരം

## ലിറ്റിൽ കൈറ്റ്സ് ഇ-മാഗസിൻ 2018-19





# "വെളിച്ചമെ നയിച്ചാലും"



## ഉള്ളടക്കം

ആശംസ......6
സന്ദേശം......7
സന്ദേശം......8
ആമുഖം......10
രാജിക ടീച്ചർ സ്റ്റാഫ് സെക്രട്ടറി......10
തവള വീട്......11
മിനി കഥ......11
കെ.ബി.ഗീത ടീച്ചർ......11
പ്രകൃതി പ്രതികാര ദാഹിയാകുമ്പോൾ......12
ലേഖനം......12
നയന.വി.ആർ......12
വിസ്മയത്തുമ്പിലെ തംബുരു......13
കവിത......13
ദർശന.എസ്......13
എന്നും ഭക്ഷണം അന്യൻ തരുമോ ?......15
ലേഖനം......15
അനഘ.സി......15
അതിജീവനത്തിന്റെ കേരളം......16
കവിത......16
അനഘ.സി......16
മഴത്തുള്ളികളെ......17
കവിത......17
നേഹ.എസ്......17
......17
കാറ്റിന്റെ......18
കവിത......18
അനുമോൾ......18
കൊഴിഞ്ഞ ഇലകൾ......19
കവിത......19
ഗൗരിലങ്കേഷ്......19
അനുമോൾ......19
ഉയർത്തെഴുന്നേറ്റ ജീവിതങ്ങൾക്ക്......21
കവിത......21
നേഹ.എസ്......21

മോഹം....................22
കവിത....................22
അനുമോൾ....................22
ഓർമ്മകൾ....................24
കവിത....................24
ദീപ ആനിമാത്യൂ....................24
കരകയറാനായി ഒരായിരം വഞ്ചികൾ....................25
കവിത....................25
എസ്.ഷിഫ....................25
....................27
ഓർമ്മയിലെ ഒരു ഭീകര പ്രളയം....................27
കഥ....................27
മിഥുൻ....................27
ചതി....................29
കവിത....................29
ശ്രീക്കുട്ടി....................29
എൻറെ യാത്രയിലെ ചില ഏടുകൾ....................30
യാത്രാവിവരണം....................30
ജിജിത.ജെ....................30
അദ്ധ്യാപനം....................32
കവിത....................32
ആർഷ കെ എസ്....................32
ചിന്തയുടെ അന്ത്യം....................33
കവിത....................33
ജിജിത ജെ....................33
ചരിത്രമുഹൂർത്തങ്ങളിലൂടെ....................34
അനിതാവർമടീച്ചർ....................34
പറയാതെ വന്ന ആ പ്രളയം....................36
കവിത....................36
നസിമ ബീഗം....................36
മലയാള ഭാഷ....................37
ലേഖനം....................37
അനുപമ....................37
സാന്ത്വനം....................38
കവിത....................38

പവിത്ര.....38
വിവര വിനിമയ സാങ്കേതികവിദ്യ.....40
ലേഖനം.....40
സീന ടീച്ചർ.....40
"അമ്മ കത്ത് ".....43
കഥ.....43
അഭിജിത്ത്.....43
.....43
ലേഖനം.....45
സിമിടീച്ചർ.....45

# ആശംസ

## മാനേജർ



വിവരസാങ്കേതിക വിദ്യയിലൂടെ പുതുതലമുറയുടെ സർഗ്ഗാത്മക ശേഷികൾക്ക് മികവും നിറവും നൽകുവാൻ ശ്രമിക്കുന്ന പൂരം എന്ന ഇ-മാഗസിന് ആശംസകൾ.



# സന്ദേശം

## ഹെഡ്മാസ്റ്റർ

കെ സി പി ഹയർ സെക്കൻഡറി സ്കൂൾ, ആധുനിക വിവരസാങ്കേതിക വിദ്യയിലൂടെ ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന മാഗസിന്റെ വിജയത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളെ അനുഭവത്തിലൂടെ കണ്ടും കേട്ടും പഠിക്കുവാൻ അവസരങ്ങൾ സൃഷ്ടിക്കുന്നതാണ് നമ്മുടെ വിദ്യാഭ്യാസ രീതി . ഇത് കുട്ടികളിൽ അന്വേഷണത്വരയും ഉത്സാഹവും വൈജ്ഞാനിക വീക്ഷണവും പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം സ്വന്തം സർഗാത്മകശേഷികളുടെ വികാസവും ലിറ്റിൽ കൈറ്റ് രൂപീകരിക്കുന്ന ഇ- മാഗസിനിലൂടെ പ്രാപ്തമാക്കുന്നു .ഇതിലൂടെ കുട്ടികൾക്ക് സ്വയം തിരിച്ചറിയുന്നതിനും ,സ്വന്തം കാഴ്ചപ്പാടുകൾ സർഗാത്മകമായി അവതരിപ്പിക്കുന്നതിനും അവസരം ലഭിക്കുന്നു. മനോഹരമായ വാതായനങ്ങൾ തുറന്ന് വിദ്യാർഥികളെ അവരറിയാതെതന്നെ അവരുടെ മൂല്യങ്ങളിലേക്ക് കൈപിടിച്ച് എത്തിക്കാൻ ശ്രമിക്കുന്ന ഈ മാഗസിന്റെ പ്രവർത്തനങ്ങൾക്ക് ആശംസകൾ നേരുന്നു



# സന്ദേശം

## പ്രിൻസിപ്പാൾ

**വിവരസാങ്കേതിക വിദ്യയിലൂടെ ,ലോകം തന്നെ കൈപ്പിടിയിലൊതുക്കുവാൻ എല്ലാവരും ശ്രമിക്കുന്ന ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ,നമ്മുടെ കെ.സി.പി.ഹയർസെക്കൻഡറി സ്കൂളും " ലിറ്റിൽ കൈറ്റ്സി"ന്റെ നേതൃത്വത്തിൽ ഒരു വൈജ്ഞാനിക പോരാട്ടത്തിന് തയ്യാറെടുക്കുന്നു .'ഇ' മാഗസിനിലൂടെ കുട്ടികളിൽ ഉറങ്ങിക്കിടക്കുന്ന സർഗ്ഗവാസനകളെ -അവരിലെ അന്വേഷണാത്മക പ്രവർത്തനങ്ങളെ -പ്രോത്സാഹിപ്പിക്കുകയും ,തദ്വാരാ, അവരിലെ വൈജ്ഞാനികമണ്ഡലത്തെ തൊട്ടുണർത്തി ,ചിന്തോദ്ദീപകമായ പ്രവർത്തനങ്ങൾക്കായി അവരെ സജ്ജമാക്കുകയും ചെയ്യുന്ന , അനുഭവങ്ങളിലൂടെ പഠിക്കാനവരെ പ്രാപ്തമാക്കുന്ന രീതിയിലുള്ള ഒരു മുന്നേറ്റമാണ് ഇവിടെ ലക്ഷ്യമിടുന്നത് .**

**മാനുഷിക മൂല്യങ്ങൾ കൈവിടാതെ ,തിരിച്ചറിവിന്റെ പാതയിലൂടെ മുന്നേറി, നല്ല പൗരന്മാരായി വളരുവാൻ വിദ്യാർത്ഥികളെ പ്രാപ്തമാക്കുന്ന "ലിറ്റിൽ കൈറ്റ്സ് "ഭാരവാഹികൾക്കും ,അതിൽ സജീവമായി പ്രവർത്തിക്കുന്ന കുട്ടികൾക്കും,അതിന്റെ വെളിച്ചത്തിൽ പ്രകാശിപ്പിക്കപ്പെടുന്ന നമ്മുടെ സ്കൂളിന്റെ ഇ-മാഗസിനും എല്ലാവിധ ഭാവുകങ്ങളും നേരുന്നു . സ്കൂളിന്റെ വളർച്ചയിൽ നല്ലൊരു നാഴികക്കല്ലാകുവാൻ ഈ സംരംഭത്തിന് കഴിയട്ടെ!!!!!!**

# ആശംസ

## പി.ടി.എ പ്രസിഡന്റ്



ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന 'പൂരം' എന്ന ഇ-മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

# ആമുഖം



## രാജിക ടീച്ചർ

### സ്റ്റാഫ് സെക്രട്ടറി

വായന ഒരു വ്യക്തിയെ പൂർണ്ണനാക്കുന്നു എന്നാണ് ചൈനീസ് പഴമൊഴി. വായനക്കാരന്റെ ഉറ്റതോഴൻ പുസ്തങ്ങളാണ്. ആധുനിക സാങ്കേതികവിദ്യയുടെ കടന്നുകയറ്റം എല്ലാമേകലകളിലും അവിശ്വസനീയമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു .വായനയിലും ഈ മാറ്റം പ്രകടമായി . ഡിജിറ്റൽ രീതിയിൽ പുസ്തകങ്ങൾ ലഭിക്കുവാൻ തുടങ്ങി . ഇതുവഴിയുള്ള വായനയാണ് ഇ-വായന . ധാരാളം പുസ്തകങ്ങൾ നമുക്ക് ഇങ്ങനെ വായിക്കാം.

ഇതുപോലെതന്നെ തങ്ങളുടെ സർഗാത്മക കഴിവുകൾ അവതരിപ്പിക്കാനും ആധുനിക തലമുറ പുതിയ രീതിയെ സമീപിക്കുന്നു. സ്വന്തം രചനകൾ ഡിജിറ്റൽ രീതിയിൽ അവതരിപ്പിച്ചു കൊണ്ടിരിക്കുന്നു. കെ.സി.പി. എച്ച്. എസ് .എസി.ലെ വിദ്യാർത്ഥികളും അധ്യാപകരും അവരുടെ സർഗാത്മകകഴിവുകൾ പങ്കുവയ്ക്കുന്ന 'പൂരം' എന്ന ഡിജിറ്റൽ മാസിക പ്രസിദ്ധീകരിക്കുന്നു . വായിച്ചു വളരാൻ ,എഴുത്തിന്റെയും വായനയുടെയും വർണ്ണ വസന്തം വിരിയിക്കാൻ ഇതിന് കഴിയുമെന്ന വിശ്വാസത്തോടെ എല്ലാവർക്കും വേണ്ടി സമർപ്പിക്കുന്നു.

# തവള വീട്

## മിനി കഥ

**കെ.ബി.ഗീത ടീച്ചർ**



നാട്ടിലെ എന്റെ കൊച്ചുവീടിൻെറ മലതുരന്ന വിടവുകളിൽ നിന്നൂറി വരുന്ന ഉറവകളിൽ തണുപ്പു പറ്റിയിരിക്കുന്ന തവളകളുടെ ഡീ.ജെ തകർക്കുന്നു .കൃത്യമായ ഇടവേളകളിട്ട്കുറുകിയും നീട്ടിയും ബഹുസ്വരങ്ങള[1]ങ്ങനെ ആസ്വദിച്ചു കിടന്നു. ഉറക്കം വരുന്നില്ല  ആകെയൊരു ബഹളം തന്നെ. എഴുന്നേറ്റു ടോർച്ചടിച്ചുനോക്കിയപ്പോൾ പെട്ടെന്ന് നിശബ്ദമായി .മിഴിച്ച കണ്ണുകളിൽ ആകെ ഒരാശങ്ക !ചിലവ പൊത്തുകളിലേക്ക് വലിഞ്ഞു . ഇടിച്ചെടുത്ത കുന്നുകളും വറ്റിയ പുഴകളും മൺമറഞ്ഞ വയലുകളും വിട്ട് പട്ടയമില്ലാത്ത ഓടകളിൽ അഭയം തേടിയതായിരുന്നു . പക്ഷേ..... അവിടെയും പുറത്തേക്കു വന്നു വീണ മാലിന്യത്തിൽ നിന്നും നൂഴ്ന്നവലിഞ്ഞ് രക്ഷപ്പെട്ടതാണ്....... ആളൊഴിഞ്ഞ വീടിൻെറ പിന്നിലെ മല തുരന്ന പൊത്തുകളിൽ സ്വസ്ത്ത[2]മായിരുന്നപ്പോൾ .......????

ഞാൻ ജനൽ അടച്ചു ടിവി ഓണാക്കി.

അയ്യോ !!!!!!ആകെ ബഹളം..........ചാനൽ ചർച്ച........ ശബരിമലയിൽ സ്ത്രീ കയറിയാൽ അശുദ്ധമാക്കുമൊ??????? മനുഷ്യന്റെ വലിയ പ്രശ്നം ???????ലാത്തി.......കല്ലേറ്....... വണ്ടിയൊക്കെ........ ദാ കിടക്കുന്നു ................ അടിച്ചുപൊളിച്ച്.......ഉറങ്ങാൻ  കിടക്കുമ്പോൾ ആകെയൊരു സ്വൈര്യക്കേട്...............വിരലുകൾ റിമോട്ടിലമർന്നു പുറത്ത് തവളകൾ വീണ്ടും തുടങ്ങി . പാവം തവളകൾ നാറുന്ന പരിസ്ഥിതിയെ കുറിച്ച് ചർച്ച ചെയ്യാൻ ............ഇനി അവരെയുള്ളൂ ...........നടക്കട്ടെ.................!!!

1 ശബ്ദങ്ങൾ

2 മിണ്ടാതെ

# പ്രകൃതി പ്രതികാര ദാഹിയാകുമ്പോൾ

**ലേഖനം**

**നയന.വി.ആർ**



പ്രകൃതിയെന്നത് ഒരു മനോഹര സ്വപ്നമാണ് പുഴകളുടെ വനങ്ങളുടെ മലകളുടെ ഒരു സുന്ദര സ്വപ്നം. പ്രകൃതിയെന്ന പാഠപുസ്തകത്തിൽ പരസ്പര ആശ്രയത്വമില്ലാതെ ഒരു ജീവിയ്ക്കു നിലനിൽക്കാൻ സാധിക്കില്ല .പ്രകൃതിയെന്നത് ചങ്ങലക്കണ്ണികൾ പോലെയാണ് ഒന്നിന്റെ ആശ്രയത്വമായി മറ്റൊന്ന് എപ്പോഴും ഉണ്ടായിരിക്കും ഇതിലേതെങ്കിലും ഒരു ചങ്ങല കണ്ണി ഇല്ലാതായാൽ മറ്റൊരു ചങ്ങലക്കണ്ണികൾക്കും നിലനിൽക്കാൻ പ്രയാസമാണ്. എന്നാൽ മനുഷ്യൻ തന്റെ സ്വാർത്ഥ താൽപര്യങ്ങൾക്കു വേണ്ടി പ്രകൃതിയെ ഇല്ലാതാക്കാൻ ശ്രമിക്കുകയാണ്.മനുഷ്യൻ തന്റെ നാശം തന്നെയാണ് ക്ഷണിച്ചു വരുത്തുന്നതെന്ന് ഒരുനിമിഷം പോലും ചിന്തിക്കുന്നില്ല .



വനനശീകരണം,കുന്നിടിക്കൽ,പാടംനികത്തൽ, പുഴകളിൽ നിന്ന് മണൽവാരൽ ഇവയെ കൂടാതെയും ഒരുപാട് തിന്മകൾ മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്നുണ്ട്. തനിക്കുമാത്രമല്ല മറ്റു ജീവജാലങ്ങൾക്കും ഇത് ദോഷമാണെന്ന് ഒരുനിമിഷംപോലും മനുഷ്യൻ ചിന്തിക്കുന്നില്ല.

പ്രകൃതി ഒരുപാട് കാലം ക്ഷമിച്ചും സഹിച്ചും കാലങ്ങൾ കഴിച്ചുകൂട്ടി മനുഷ്യന്റെ പ്രവർത്തികൾ അസഹനീയമായപ്പോൾ പ്രകൃതി തിരിച്ചടിച്ചു ചുഴലിക്കാറ്റായും പ്രളയമായും അവതരിച്ച് മനുഷ്യൻ കയ്യേറിയ സ്ഥലങ്ങൾ കൈക്കലാക്കി പ്രകൃതിയുടെ പ്രതികാരം മനുഷ്യനെ മുച്ചൂടും തകർത്തു "താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീണു" എന്ന ശൈലി ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ്.പ്രകൃതിയെ ദ്രോഹിച്ചാൽ പ്രകൃതി അതിന് ഇരട്ടിയായി തിരിച്ചുതരും എന്ന പാഠം മനുഷ്യൻ ഇനിയെങ്കിലും പഠിക്കേണ്ടത് അത്യാവശ്യമാണ്.

# വിസ്മയത്തുമ്പിലെ തംബുരു

കവിത

ദർശന.എസ്



വന്ദനം വന്ദനം ശുഭ സ്നേഹ വന്ദനം

കേരളത്തിൽ പിറന്ന ഭാഷേ......

പ്രകൃതിയാകുന്ന പെറ്റമ്മയിൽ വളർന്ന

സ്നേഹ കാരുണ്യ ഭാഷേ..........

മാതൃത്വത്തിന്റെ മഹാശക്തി ഞങ്ങളിൽ

പകർന്നു തന്നൊരു ഭാഷേ...........

ഞങ്ങളേവരും പെറ്റമ്മയായി തൻ

സ്നേഹം പകർന്നിരുന്നൊരു ഭാഷേ....



ജാതിഭേദങ്ങളില്ലാതെ ഞങ്ങൾ

വാഴ്ത്തുന്ന നൂറു നാവുകളാൽ

മലയാളികളുടെ ഹൃദയത്തിലെല്ലാം

അമൃതമായി പൊഴിയുന്ന ഭാഷേ...........

നിന്റെയെ ഭാഷാ മൊഴികൾ കേട്ടിടുമ്പോൾ

അറിയാതെ ഹൃദയമൊന്നുല്ലസിക്കും!

നിന്റെയാതേജസ്സ് ഞങ്ങളിലാഴ്ത്തി

നീ തമ്പുരുമീട്ടുകണങ്ങൾക്കായി

നിന്റെയാകോമള[3]ളുമൊഴി[4]കളെല്ലാം

3 മനോഹരം

എന്റെ മനസ്സിലായി കാത്തുവെക്കാം

നിന്റെയാ പ്രശസ്തിക്കുമേൽ  ഞങ്ങൾ

 പ്രാർത്ഥന മനസ്സുകൾ നീട്ടിവെക്കാം

 എന്റെ ഭാഷ; എന്റെ ഭാഷ

മലയാളമാണെന്റെ ഭാഷ

 എൻ പെറ്റമ്മയാണെന്റെ ഭാഷ

എല്ലാവരെയും ഒന്നായി തലോടുന്ന ഭാഷ

4 ശുദ്ധമായവാക്ക്

# എന്നും ഭക്ഷണം അന്യൻ തരുമോ ?

**ലേഖനം**

**അനഘ.സി**



ലോകം ഇന്ന് പുതുചക്രവാളത്തിലൂടെ അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.ഇന്നത്തെ ജീവിത്തിൽ മനുഷ്യൻ  കൃഷയിൽ നിന്നും പിൻമാറിക്കൊണ്ടിരിക്കുന്ന ഇത് ഭഷ്യദൗർലഭ്യത്തിലേയ്ക്ക് നമ്മെ എത്തിക്കുന്നു. നമ്മുടെ നാട്ടിൽ നെൽകൃഷയിടങ്ങൾ കുറഞ്ഞുവരുന്നു.കൃഷി ചെയ്തിരുന്ന പലരും അതിൽനിന്നും പിൻവാങ്ങുന്നു .നമ്മുടെ സുരക്ഷയെ  ബാധിക്കുന്നു. ഇതിനെതിരെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ലഘുലേഖയാണിത്.  നമ്മുടെ കൺ വെട്ടത്തുനിന്നും നെൽവയലുകൾ അപ്രത്യക്ഷമാകുന്നു. അന്യസംസ്ഥാനങ്ങൾ എന്നും നമുക്ക് ഭക്ഷണം തരുമെന്ന് നാം ചിന്തിക്കുന്നു. കേരളം ഇന്ന് കാർഷിക മേഖലിലൽ ഇന്ന് മേഖലയിൽനിന്നും പിൻ മാറിക്കൊണ്ടിരിക്കുന്നു. കേരളം നമുക്കാവശ്യമുള്ള ഭക്ഷ്യവസ്തുക്കൾ അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരാൻ തുടങ്ങിയിട്ട് നാളുകളേറെയായി. എന്തുകൊണ്ടാണ് നമുക്ക് മുന്നിൽ നിന്നും നെൽകൃഷിയും കാർഷികവിളകളും കുറഞ്ഞത് ?അത് അറിഞ്ഞാലേ നമുക്ക് പരിഹാരം കാണാൻ സാധിക്കൂ .നെൽകൃഷി ഇന്ന് ലാഭകരമല്ലാതായി, ഇന്നുകൃഷികരാനുള്ളസ്ഥാനം  ഇല്ലാതാവുന്നു.ഇത് പരിഹരിക്കാൻ നമുക്ക് കഴിയില്ലേ ?കഴിയും കഴിയണം അതിനാവശ്യമുള്ള എല്ലാ സഹായവും എല്ലാഭാഗത്തുനിന്നും ഉണ്ടാകണം. എല്ലാ ജോലിയെ വെച്ചുനോക്കുമ്പോഴും എല്ലാവർക്കും ഭക്ഷണം നൽകുന്ന കൃഷിപ്പണിക്ക് ആയിരിക്കണം മാന്യത.ഭക്ഷണം കിട്ടാതെ മറ്റേതു ജോലിയുണ്ടായിട്ടെന്താ ? വളർന്നുവരുന്ന തലമുറ കൃഷിയിലേക്ക് പ്രത്യേകിച്ച്  നെൽ കൃഷിയിലേക്ക് വരണം.  അവർക്ക് ഇതിനായുള്ള ഉണർവ്വും ബോധവും ഉണ്ടാവട്ടെ അവരെങ്കിലും ചിന്തിക്കട്ടെ അതിനെ ശാരീരിക ജോലികൾക്ക് സമൂഹത്തിൽ അംഗീകാരവും മാന്യതയും ലഭിക്കണം. നമുക്ക് കൃഷിക്കാരെ ആദരിക്കാം ബഹുമാനിക്കാം കൃഷിയിലേക്ക് മടങ്ങാം നമ്മുടെ കുഞ്ഞുങ്ങൾ പട്ടിണികിടക്കാതിരിക്കട്ടെ   നാളെ അവരും ഒരു ആത്മാർത്ഥതയുള്ള കൃഷിക്കാരാവട്ടെ നമ്മുടെ കാർഷിക സംസ്കാരം പുലരട്ടെ വളരട്ടെ സന്ദേശങ്ങൾ   മനുഷ്യരാശിയുടെ മോചനത്തിനുള്ള യജ്ഞമാണ് കൃഷി പൊതു തലമുറയെങ്കിലും വിഷം ആയത്തിൽ നിന്ന് രക്ഷപ്പെടുകയും കൃഷിയെ പടുത്തുയർത്തുകയും കേരളം വളരാനും കൃഷി വളയാനും മാനവരാശിയെ പങ്കാളികൾ ആവട്ടെ.


Little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ.ടി. ക്ലബ്ബ്
നമ്പർ LK/2018/21008
കെ സി പി ഹയർ സെക്കന്ററി സ്കൂൾ
കാവശ്ശേരി, പാലക്കാട്
04922 222237












K·C·P·H·S·S
എന്റെ സൗഹൃദ
വിദ്യാലയം



# അതിജീവനത്തിന്റെ കേരളം

**കവിത**

**അനഘ.സി**



കേരളം......കേരളം .........

അതിജീവനത്തിന്റെ കേരളം

പ്രകൃതിയുടെ കലിതുള്ളലിൽ

അതിജീവിച്ചൊരു കേരളം

ജീവജാലങ്ങളാകയും

മഴയുടെ കണ്ണുനീരുമായ്

പ്രകൃതി കനിഞ്ഞൊരു വേദനയായ്

കരകയറുന്ന കേരളം

വലിയ  നാശനഷ്ടങ്ങളുമായ്

പ്രകൃതിക്ഷോഭം വന്നല്ലോ.......

ഈ ദുരന്തത്തിൽ മനുഷ്യരെല്ലാം

കരയുന്ന ....വിട പറയുന്ന ......

അതിജീവിച്ച കേരളം

അതിജീവനത്തിന്റെ കേരളം

പ്രകൃതി തന്നുടെ വിദ്വേഷ[5]ത്താൽ

പത്തിവിടർത്തി പ്രളയവുമായി

മഹാമാരിതൻ പേമാരിയിൽ

മുങ്ങിപ്പൊങ്ങി കേരളം

5 ദേഷ്യം


KCPHSS
KAVASSERY

# മഴത്തുള്ളികളെ

**കവിത**

**നേഹ.എസ്**



ഞാൻ പ്രണയിക്കുന്നു .

ജീവിതത്തിലെ ഓരോ

നിമിഷത്തിലെ ഓർമ്മകളും

ഓരോരോ തുള്ളികളായി

തലോടുമ്പോൾ

വെയിലിനെ ഞാൻ

ബന്ധിക്കുന്നു

മഴ

നിഗൂഢമായ ,പരന്നു കിടക്കുന്ന

ജീവിതത്തിൻറെ നിറങ്ങളെ

വേർതിരിച്ച് കാണിക്കുന്ന

# കാറ്റിന്റെ

## കവിത

## അനമോൾ



ചിത്രപ്പണികൾക്കിടയി

ലൂടെ

വെയിൽ ചിരിക്കുന്നത്

മണ്ണ് സ്ക്രീൻ ക്യാപ്ചർ

ചെയ്തിട്ടുണ്ട് .

നിലാവിന്

പങ്കുവയ്ക്കാൻ

# കൊഴിഞ്ഞ ഇലകൾ

**ഗൗരിലങ്കേഷ്**

**കവിത**

**അനുമോൾ**



തോരാതെ പെയ്ത വാക്കുകൾ

നിൻറെ കല്ലറയിലേക്ക്

എത്തിനോക്കുന്നുണ്ട്

നീ എഴുതാതെവെച്ച വരികൾ

ഇനിയും

മാറാലതിന്ന് വിശപ്പടക്കും

നിൻറെ

ചോര തുപ്പിയ ചങ്കിൽ നിന്ന്

കുത്തിയൊലിച്ച കവിതകൾക്ക്

രാത്രി കൂട്ടിരിക്കുന്നുണ്ട്

എങ്കിലും

ദഹിക്കാത്ത ഓർമകളിൽ എല്ലാം

നിന്റെ മുഖമാണ്

അതെ

മൂർച്ച കൂട്ടിയ കൊട്ടുവാളുകൾ

ഓരോന്നായ്

കഴിച്ചുമൂടുകയാണ്

ഇനിയവൾ

ആദരാഞ്ജലികൾ കൊണ്ട്

എഡിറ്റുചെയ്ത ,ഒരു ഗാലറി പിക് മാത്രം

# ഉയർത്തെഴുന്നേറ്റ ജീവിതങ്ങൾക്ക്

**കവിത**

**നേഹ.എസ്**



തലമുറകളുടെ പാരമ്പര്യമുണ്ട് .

ഓരോ നൂലും ഓരോ കുടിലിന്റെ

പ്രതീക്ഷയായിരുന്നു.

കാൽ തട്ടി മറിയാൻ തുടങ്ങിയപ്പോൾ

ചേറിൽ കുതിർന്ന നൂലുകൾ

ജീവൻ നൽകുന്ന പാവകളായി

ജീവിതങ്ങളെ കൈ പിടിച്ചുയർത്തി .

വറ്റാത്ത പ്രതീക്ഷകളുടെ

വിത്തുകളാണ് ചേക്കുട്ടിപ്പാവകൾ

# മോഹം

## കവിത

## അനമോൾ



ഇടയ്ക്കൊക്കെ മഴ

കുത്തിയൊലിക്കുന്നത്

ഒരു നല്ല കവിത എഴുതാൻ

വേണ്ടിയാണ്

അടിവേരുകൾ തുരന്ന്

മണ്ണിനടിയിൽ മുളയുന്നത്

കാലടികളുടെ

മൂർച്ചയളക്കാനായിരുന്നു

അടുക്കളയുടെ ഊടുവഴിയിലൂടെ

ഒലിച്ചിറങ്ങിയത്

കഴുകാതെ വെച്ച പാത്രങ്ങളിലെ

വിശപ്പ് നക്കാനായിരുന്നു

പുസ്തകങ്ങളിലേക്ക് വലിഞ്ഞു

കയറിയതും

വാക്കുകളോടുള്ള അടങ്ങാത്ത

പ്രണയം കൊണ്ടായിരുന്നു

അവസാനം

ആകാശത്തിന്റെ കണ്ണുകളെ

കുഴിച്ചിട്ടതും

ഒന്ന് ഊർന്നിറങ്ങാൻ വേണ്ടിയായിരുന്നു

# ഓർമ്മകൾ

കവിത

## ദീപ ആനിമാത്യു ടീച്ചർ



ഘനീഭവിച്ച ഓർമ്മകൾ

നിർജ്ജീവങ്ങളാണ്

ജീവിതം ഒരു കനലാകുമ്പോൾ

അവ ഉരുകിയൊലിക്കും

മനസ്സിലേക്ക് ........

"മഴത്തുള്ളികൾ പോലെ"

# കരകയറാനായി ഒരായിരം വഞ്ചികൾ

**കവിത**

**എസ്.ഷിഫ**



അന്തരീക്ഷമാകെ പിരിമുറുക്കി

**കാർമേഘമൊന്നു വന്നെത്തി**

**അതിലൂടെ ഒഴുകി നാമെവരുമിന്നലെ**

**കേരള ദുഃഖം പകർത്തെഴുതി**

**ആ ദീർഘവീക്ഷണം നാമേവരും**

**മുമ്പിൽ മാഞ്ഞുപോയക്ഷരം മാത്രമായി**

**പുഴകളന്ന് കുലംകുത്തിയൊഴുകി മുന്നിൽ**

**വാനിൽ വേനലിനംശമകന്നുപോയ്**

**വെയിലിൽ വെളിച്ചം കാട്ടിടാതെ**

**ആ നീർ**[6]**ശകനം വഴിപിഴച്ച**

**ഇരുതി വിഴുങ്ങും വിജനതയിൽ**

**ഒരു വഴിപോലും തുറന്നിടാതെ**

**കാട്ടുതീയിൽ പെട്ട വൃക്ഷങ്ങൾപോൽ**

**മാറിനാമെരുവരും തീക്കനലായ്**

**നന്മയും സത്യവും സഹായവും ചേർത്ത്**

**അതിജീവനത്തിനായി ഒത്തുചേരാം**

**ദുരിതത്തിൽ പെട്ടുപോയേവരെയും**

**അതിജീവനത്തിനായ് ചേർത്തുനിർത്താം**

---

6 വെള്ളം

**ആനന്ദമാഘോഷമനുഭവിക്കാതെയും**

**സ്വപ്നങ്ങൾ ചോദ്യചിഹ്നമാകുമ്പോഴും**

**നാമേവരും അവരെ കരകയറ്റാനായി**

**തീർക്കും ഒരായിരം വഞ്ചികൾ**

# ഓർമ്മയിലെ ഒരു ഭീകര പ്രളയം

**കഥ**

**മിഥുൻ**



"അയ്യോ...............' കിണറുകളും കുളങ്ങളുമെല്ലാം വറ്റിയിരിക്കുന്നു .ഈ നശിച്ച ചൂടുകാരണം"

തെക്കേ വീട്ടിലെ ഇമ്മിണി  കുട്ടിയായിരുന്നു അത് .അപ്പോൾ അതൊരു വേനൽക്കാലം ആയിരുന്നു .ഞങ്ങളെല്ലാവരും ഒരുതുള്ളി ജനത്തിനുവേണ്ടി കാത്തിരിക്കുന്ന കാലം. പണ്ടൊക്കെ കുളങ്ങളിലും പുഴകളിലും കിണറുകളിലും എല്ലാം വെള്ളമുണ്ടായിരുന്നു. എന്നാൽ ഇന്ന് ഒട്ടും തന്നെ വെള്ളമില്ല .മൃഗങ്ങളും പക്ഷികളുമെല്ലാം വെള്ളത്തിനുവേണ്ടി പ്രാർത്ഥിക്കുകയായിരുന്നു ."ദൈവമേ അങ്ങ് ഞങ്ങൾക്ക് മഴ തരേണമേ ".......



ഇമ്മിണികുട്ടിയുടെ അമ്മയായിരുന്നു അത് .അങ്ങനെ ഞങ്ങളെല്ലാവരും മഴയ്ക്ക് വേണ്ടി കാത്തിരുന്നു .അങ്ങനെയിരിക്കെ ഒരു ദിവസം മേഘങ്ങളെല്ലാം ഉരുണ്ടുകൂടി നിൽക്കുന്നു. വൈകാതെ തന്നെ ഓരോരോ തുള്ളിയായി  അത് താഴേക്ക് പെയ്തിറങ്ങി. അങ്ങനെ



അത് ഒരു ദിവസം മുഴുവൻ നിർത്താതെ പെയ്തു ,അതിശക്തമായി. ഒരു ദിവസം  ഇമ്മിണികുട്ടി തന്റെ സ്കൂളിൽ പോയി വരുന്ന നേരത്തും മഴയുണ്ടായിരുന്നു. വീട്ടിൽ വന്നപ്പോൾ കണ്ട കാഴ്ച  അതിശയമായിരുന്നു .അവളുടെ വീട്ടിൽ നിറയെ വെള്ളം കയറിയിരിക്കുന്നു .പല സാധനങ്ങളും വസ്തുങ്ങളും മറ്റും ആ വെള്ളത്തിൽ ഒലിച്ചുപോയി. അവളുടെ മാതാപിതാക്കൾ വരാന്തയിൽ സങ്കടപ്പെട്ടിരിക്കുന്നു .അവർ ഉടൻ തന്നെ ദുരിതാശ്വാസ കേന്ദ്രത്തിൽ പോയി. അമ്മു എന്നുപേരുള്ള തൻറെ കൂട്ടുകാരും ഇമ്മിണിക്കുട്ടിയെ സഹായിക്കാൻ പല മാർഗ്ഗങ്ങൾ ആലോചിച്ചു .അതിലൊന്ന് ഇമ്മിണികുട്ടിക്ക് പൈസ പിരിച്ച് വീട്ടിലേക്കുള്ള സാധനങ്ങൾ വാങ്ങിച്ചു കൊടുക്കുക, പിന്നൊന്ന് ഒലിച്ചുപോയ നോട്ടുപുസ്തകങ്ങൾ  എഴുതികൊടുക്കുക .ഇതൊക്കെയാണ് അവർക്ക് ചെയ്യാൻ പറ്റുന്ന സഹായം. അവർ പൈസ ശേഖരിച്ച് നോട്ടുപുസ്തകങ്ങൾ വാങ്ങിച്ചു ,അതിൽ അധ്യാപകർ എടുത്ത മുഴുവൻ പാഠങ്ങളും എഴുതികൊടുക്കാൻ തീരുമാനിച്ചു .അവർ എല്ലാ നോട്ട് പുസ്തകങ്ങളിലും എഴുതാൻ പരമാവധി ശ്രമിച്ചിരുന്നു. അത് വിജകരമായി പൂർത്തിയാവുകയും ചെയ്തു .അവർ ആ നോട്ടുപുസ്തകങ്ങൾ അവരുടെ പ്രിയപ്പെട്ട ഇമ്മിണികുട്ടിയുടെ കൈകളിലേക്ക് നൽകി .ഇതുപോലെ അവർ എല്ലാ കുട്ടികൾക്കും എഴുതികൊടുക്കാൻ  ശ്രമിച്ചു .അതും ജനങ്ങളുടെ സഹായത്തോടെ .അവരുടെ ഈ നല്ല മനസ്സിനെ എല്ലാവരും ആദരിച്ചു. ഇതുകണ്ട് മറ്റുള്ളവരും ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് സംഭാവനകൾ ചെയ്തുതുടങ്ങി .അവർ ഇമ്മിണി കുട്ടിക്ക് പുസ്തകങ്ങൾ കൊടുക്കുമ്പോൾ ഇമ്മിണികുട്ടിയുടെ സന്തോഷം പറഞ്ഞറിയിക്കാൻ പ്രയാസമാണ് ."എനിക്ക് നിങ്ങൾ തന്ന എല്ലാ ഉപകാരങ്ങൾക്കും നന്ദി ,നിങ്ങൾ ഇല്ലായിരുന്നുവെങ്കിൽ"............ ഇങ്ങനെ  പറഞ്ഞ് പൊട്ടിക്കരഞ്ഞു .അവർ അവളെ ആശ്വസിപ്പിച്ചു.ഇമ്മിണി കുട്ടിയുടെ ഈ        വാക്കുകൾ അവരുടെ കാതിൽ മന്ത്രിച്ചു കൊണ്ടിരുന്നു

# ചതി

**കവിത**

**ശ്രീക്കുട്ടി**



കുത്തൊഴുക്കിലെ വെള്ളപ്പാച്ചിലിൽ

നീന്തിത്തുടിച്ച്

നീരാടുകയായിരുന്നു

വെള്ളത്തിന്റെ കെട്ടൊഴുക്ക് കൂടി

നീന്താൻ കഴിയാതെ

വെള്ളത്തിന്റെ ചാലൊഴുക്കിൽ

അലഞ്ഞു

കൈത്താങ്ങിനായി

കണ്ട നൂലിൽ പിടിച്ചു

രണ്ടാം ജന്മത്തിനായി

കൊതിച്ചതായിരുന്നു

അറിഞ്ഞില്ല

ഞാൻ കണ്ട ദൈവം

എന്നെ ചതിക്കുമെന്ന്

(രാജലക്ഷ്മി അനുസ്മരണത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ ഹൈസ്കൂൾ വിദ്യാർഥികളുടെ രചനകളിൽനിന്ന് പുരസ്കാരത്തിനു വേണ്ടി തെരഞ്ഞെടുത്ത കവിത)

# എന്റെ  യാത്രയിലെ ചില ഏടുകൾ

## യാത്രാവിവരണം

**ജിജിത.ജെ**



ചൂടുപിടിച്ച അവധിക്കാലത്ത് ഒരു ഉല്ലാസയാത്ര പോവാൻ ഞങ്ങൾ തീരുമാനിച്ചു . ചൂടായത് കാരണം എല്ലാവർക്കും യാത്ര അനിവാര്യമായിരുന്നു. ഞങ്ങൾ യാത്രയുടെ തലേദിവസം തന്നെ യാത്രയ്ക്ക് വേണ്ട എല്ലാ സാധനങ്ങളും എടുത്തുവച്ച് നേരത്തെ  തന്നെ കിടന്നു രാവിലെ അഞ്ചിന് തന്നെ ഞങ്ങൾ എഴുന്നേറ്റു പ്രാഥമികകൃത്യങ്ങൾക്ക് ശേഷം ഞങ്ങൾ  വണ്ടിയുടെ അടുത്തേക്ക് സാധനങ്ങളുമെടുത്ത് പോയി . ഞങ്ങളുടെ കുറച്ച് ബന്ധുക്കളും കൂടി വന്നിരുന്നു. ഞങ്ങൾ എല്ലാവരും ബസ്സിൽ കയറി യാത്ര ആരംഭിച്ചു .

എല്ലാവരും ഡാൻസും പാട്ടും കൊണ്ട് യാത്രയെ അതിമനോഹരമാക്കി .കുറച്ചു കഴിഞ്ഞപ്പോൾ ,ഒരു സ്ഥലത്ത് വണ്ടി നിർത്തി ആഹാരം കഴിച്ചു. അവിടെയുണ്ടായിരുന്ന കുറച്ച് കച്ചവടക്കാർ പൈനാപ്പിളും, മുന്തിരിയും ,തണ്ണിമത്തനും  വിൽക്കാൻ വച്ചിരുന്നു. പലതരത്തിലുള്ള വാഴപ്പഴങ്ങൾ തൂങ്ങിയാടുന്നു ണ്ടായിരുന്നു . പിന്നീട് ഞങ്ങളെല്ലാവരും ബസ്സിൽ കയറി,സ്നേഹതീരത്തെത്തി .

കണ്ണെത്താ ദൂരത്തോളം പരന്നു കിടക്കുന്ന കടൽ തിരമാലകൾ ചാടി തുടങ്ങുന്നു. അവിടെ പലതരത്തിലുള്ള ഭാഷകൾ സംസാരിക്കുന്ന ആളുകളെക്കണ്ടു. ഞങ്ങൾ മണലിൽ 'കടലമ്മകള്ളി ' എന്ന് എഴുതികളിച്ചു . പല സ്ഥലങ്ങളിൽനിന്നും വിവിധ വസ്ത്രങ്ങൾ ധരിച്ച് ആളുകൾ വരുന്നുണ്ടായിരുന്നു .

അടുത്ത സ്ഥലം മ്യൂസിയം അവിടേക്ക് ഞങ്ങൾ പോയപ്പോൾ അമൂല്യമായ വസ്തുക്കളും മറ്റും കാണാൻ കഴിഞ്ഞു . വീണ്ടും വണ്ടി തിരിച്ച് എറണാകുളത്തേക്ക് പോയി. കൊച്ചിയിലെത്തിയപ്പോൾ ഞങ്ങൾ 'മണിച്ചിത്രത്താഴ് 'ഷൂട്ടിംഗ് ചെയ്ത ഹിൽപാലസ് ലേക്കാണ് പോയത് . അവിടെ പണ്ടുള്ള രാജാക്കന്മാരും അവരുടെ കൊട്ടാരങ്ങളും ആഭരണങ്ങളും മറ്റും കണ്ടു . പക്ഷെ മണിച്ചിത്രത്താഴിൽ ഉള്ള തെക്കിനി കാണാൻ കഴിഞ്ഞില്ല , അവിടേയ്ക്ക് കടത്തിവിട്ടില്ല . അപ്പോൾ എനിക്ക് ഒരു ചെറിയ സംശയം തോന്നി . ഇനി നാഗവല്ലി അവിടെ ഉണ്ടായിരിക്ക്യോ? എന്തായാലും ശരി ഞങ്ങൾ അവിടെനിന്ന് ഇറങ്ങി ,

അവിടെയുള്ള മാൻ പാർക്കിലേക്ക് പോയി. .എത്ര മാനുകളാണ് ആദ്യം അവയെ തൊടാൻ പേടിയായി. എന്നാൽ എല്ലാവരും ചെയ്യുമ്പോൾ എനിക്കും തൊടാൻ  ആഗ്രഹം. എന്നിട്ട് ഞാൻ പതുക്കെ അതിന്റെ കൊമ്പിൽ തൊട്ടു . അത് എന്നെ കുത്താൻ വരുമോ എന്ന് പേടിച്ചു പക്ഷേ, പാവങ്ങളാണ് അവർ .പിന്നെ എല്ലാവരും ഐസ്ക്രീം വാങ്ങി, ഒരു ഫോട്ടോയുമെടുത്ത് . അവിടെ ഉച്ചയൂണ് കഴിഞ്ഞ് വീണ്ടും യാത്ര  പുറപ്പെട്ടു . പിന്നീട് ലുലു മാളിലേക്ക്  പോയി . മെട്രോയിൽ കയറണമെന്ന് വിചാരിച്ചു .പക്ഷേ സമയം വൈകിയതുകൊണ്ട് പോയില്ല .പിന്നീട് ഭക്ഷണംകഴിച്ച്  യാത്ര കാവശ്ശേരിയിലേക്ക് മടങ്ങി . രാത്രിയുടെ മഹാസാഗരത്തിൽ എല്ലാവരും കളിച്ചും ചിരിച്ചും നിദ്രയിലേക്ക് വഴുതിയത്  എപ്പോഴാണെന്ന് അറിയില്ല.


# അദ്ധ്യാപനം


## കവിത

## ആർഷ ടീച്ചർ



അക്ഷയമ[7]ഗ്നിതന്നൺമ[8]ജ്വലിപ്പിച്ച
അറിവിന്റെ ഓജസ്സുപകരും വിളക്കായ്
പകരുന്നൊരെണ്ണ ദീപ്തി[9]യ്ക്കു കാതലാ[10]യ്
അദ്ധ്യയനത്തിൻ തിരി പകർന്നാടുന്ന
ഇരുട്ടിൻ മറനീക്കി ജ്വലിക്കും വിളക്കിന്റെ
പകർന്നാട്ടമല്ലെയീ ചെറുദീപ്തി കൾ
കരഞ്ഞും ചിരിച്ചും വൻകാറ്റിലുലയുന്ന
ദീപത്തിനോജസ്സുകാക്കുവാനായെങ്കിൽ
**അദ്ധ്യാപനത്തിന്ന**ദ്ധ്യയനത്തിൽ
ഒരു തിരിയെങ്കിലും മനോഹരമായെങ്കിൽ
ഇവിടെ വിരിയുന്ന പൂക്കൾക്കുനിറവും
ഇവിടെ പതിയുന്ന കാലടിയും ,ഒച്ചയും
**അദ്ധ്യാ**പനത്തിന്റെ പ്രപഞ്ചസത്യത്തിൽ
ദീപ്തമാകട്ടെ അനുസ്യൂതമാകട്ടെയെന്നും





---

7 നശിക്കാത്ത
8 പ്രകാശം,സത്വം
9 പ്രകാശം
10 കാമ്പ്

# ചിന്തയുടെ അന്ത്യം

## കവിത

ജിജിത ജെ



ഓർമകളുടെ ശേഖരണത്തിൽ
വെന്തുരുകുന്ന വെണ്ണീരു പോലെ
കടലിന്റെ അടിത്തട്ടിൽ അവൾ
അന്യമായ് നിശ്ചല സംഗീതമായ്
എരിഞ്ഞടങ്ങുകയാണ് അവളിപ്പോൾ
ഏകാകി[11]യായ് അവൾ അലയുകയാണ്
എങ്ങോട്ടെന്നറിയാതെ എങ്ങനെയെന്നറിയാതെ
സ്വച്ഛ[12]മായ പുഷ്പമാം അവളിന്ന്
വേദനകളുടെ മിഴിനീരുകൾ മാത്രം
പാരിജാതത്തിന്റെ പൂമണംപോലെ
തരളിതയാം അവളിന്ന്
വേദനകളുടെ ചുമടും താങ്ങി
പ്രതികാരദാഹിയായി തീ പടർത്തിയവൾ
മുല്ലകൾ മൊട്ടിടും നാളിൽ
അവൾക്കെന്നും നിരാശയായി ദുഃഖമായ്
പാതിവിരിഞ്ഞ പൂക്കൾ പോലെ
മണം പരത്താതെ അവളെന്നും കൊഴിഞ്ഞുപോയ്

11 ഒറ്റയ്ക്ക്

12 ശാന്തം


പാലിയേറ്റീവ് ദിനാചരണവും
കുടുംബ സംഗമവും

# ചരിത്രമുഹൂർത്തങ്ങളിലൂടെ.........

## ഖജൂരാഹോ

<u>യാത്രാവിവരണം</u>

**അനിതാവർമ ടീച്ചർ**



കുറേ നാളായി മനസ്സിൽ കൊണ്ടുനടക്കുന്ന മോഹമാണ് കാശി ,ഗയ സന്ദർശനം .ഈ മോഹം എന്റെ അനിയത്തിയോട് സൂചിപ്പിച്ചപ്പോൾ എത്രയും വേഗം യാത്രയ്ക്കുള്ള തീരുമാനമെടുക്കുവാൻ ആവശ്യപ്പെട്ടു. ഡൽഹിയിലാണ് അവരുടെ താമസം. ചൂടും തണുപ്പും മിതമായി അനുഭവപ്പെടുന്ന നവംബർ മാസം തെരഞ്ഞെടുത്തു. ഝാൻസി ,ഓർത്ഛ,പന്ന ,ഖജൂരാഹോ വഴിയാകാം കാശി യാത്ര എന്നും തീരുമാനിച്ചു.

നവംബർ 11 ന് ഡൽഹിയിലെത്തി. നവംബർ 13-ന് ഡൽഹിയിൽ നിന്നും യാത്ര ആരംഭിച്ചു. ഝാൻസി ,ഓർത്ഛ വഴി പന്നയിൽ എത്തിച്ചേർന്നു .അവിടെ താമസിച്ചുകൊണ്ട് ഖജൂരാഹോ യിലേക്ക് പുറപ്പെട്ടു .11 മണിയോടുകൂടി എത്തി ടിക്കറ്റെടുത്ത് അകത്തുകയറി. മനോഹരമായ സമുച്ചയങ്ങൾ.

മധ്യപ്രദേശിലെ ചത്തർപൂർ ജില്ലയിലാണ് ഖജൂരാഹോ സ്ഥിതിചെയ്യുന്നത് .ഝാൻസിക്ക് 175 കിലോമീറ്റർ തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന പുരാതനമായ ഹിന്ദു -ജൈന ക്ഷേത്രങ്ങളാണ് ഖജൂരാഹോ സമുച്ചയങ്ങൾ.



വാരണാസിയ് ക്കു പടിഞ്ഞാറും ഗംഗയ് ക്കു തെക്കുമായി ബുന്ദേൻഖണ്ഡ് വനത്തിന് നടുവിലാണ് ഖജൂരാഹോ നിൽക്കുന്നത് .ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ വിനോദസഞ്ചാരകേന്ദ്രമാണ് .

യുനസ്കോ ലോകപൈതൃക സ്ഥലങ്ങളുടെ കൂട്ടത്തിൽ ഖജൂരാഹോ ഉൾപ്പെടുത്തിയിട്ടുണ്ട് . നഗര ശൈലിയുള്ള വാസ്തുവിദ്യ കൊണ്ടും ശില്പചാതുരി കൊണ്ടും പ്രശസ്തമാണ് ഈ ക്ഷേത്രങ്ങൾ.

ക്രിസ്തുവർഷം 950 നും 1050 നും ഇടയിൽ ചന്ദേല രാജവംശത്തിലെ രാജാക്കന്മാരാണ് ഈ ക്ഷേത്രങ്ങൾ പണികഴിപ്പിച്ചത് . ചന്ദേല രാജവംശത്തിലെ പ്രസിദ്ധരായ ശയോവർമ്മൻറെയും , ധനഗൻറെയും കാലത്താണ് പ്രധാന ക്ഷേത്രങ്ങളുടെ നിർമ്മാണം നടന്നത് .കുത്തുബ്ദീൻ

ഐബക്കിന്റെ ആക്രമണത്തിൽ ചന്ദേലരാജവംശം അവസാനിച്ചു.

പന്ത്രണ്ടാം നൂറ്റാണ്ടിൽ 20 ചതുരശ്ര കിലോമീറ്ററിലായി 25 ഓളം ക്ഷേത്രങ്ങൾ ഉണ്ടായിരുന്നതായി ചരിത്രരേഖകൾ പറയുന്നു .എന്നാൽ ഇന്ന് ഇരുപതോളം ക്ഷേത്രങ്ങളെ അവശേഷിക്കുന്നുള്ളൂ .1838 ൽ ബ്രിട്ടീഷ് എൻജിനിയർ ടി.എസ് .ബൂർട്ട് ആണ് വിസ്മൃതിയിൽ കിടന്ന ഈ ക്ഷേത്രങ്ങളെ പുറംലോകത്തിന് പരിചയപ്പെടുത്തിയത്.



കൊത്തുപണികളുടെ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് പുറത്തുകടന്നു .സന്ധ്യയ്ക്ക് ലൈറ്റ് ആൻഡ് സൗണ്ട് ഷോ ഉണ്ട് .ഇത് കാണുന്നതിനായി ആറുമണി വരെ കാത്തിരുന്നു .മധ്യപ്രദേശ് ടൂറിസം വകുപ്പാണ് ഈ ഷോ നടത്തുന്നത്. ലൈറ്റിന്റെ ഇഫക്ടിൽ ക്ഷേത്രങ്ങൾക്ക് മാസ്മരിക സൗന്ദര്യം കൈവന്നു.


ലൈറ്റ് ഇഫക്ടിന്റെ അകമ്പടിയോടെ ചന്ദേല രാജവംശത്തെ കുറിച്ചും, രാജാക്കന്മാർ ഖജുരാഹോയിലെ ക്ഷേത്രങ്ങളുടെ നിർമ്മാണത്തിൽ വഹിച്ച പങ്കും വിവരിക്കുന്നുണ്ട് .മറക്കാനാവാത്ത ഒരു അനുഭവം തന്നെയായിരുന്നു. ഷോ അവസാനിച്ചപ്പോൾ ഖജുരാഹോയോട് യാത്ര പറഞ്ഞു ഞങ്ങളിറങ്ങി.

# പറയാതെ വന്ന ആ പ്രളയം

## കവിത

**നസിമ ബീഗം ടീച്ചർ**





ചിരിളുകി ളുവി നിൽക്കും വെയിലേതുമറിയാതെ

അറിയാതെ പറയാതെ കാണാതെ

നീ പെയ്തിറങ്ങി ഒരു രാക്ഷസിയായി

ഭൂമിയുടെ ഹൃദയം  പറിച്ചു നീ പോയില്ലേ

ഈ കണ്ണീരുറവകൾ മായ്ക്കുവാൻ എൻ-

വെയിൽ, എന്ന് നീ വരുമെന്ന് ഞാൻ

കാത്തു നിൽക്കവേ വേദനകൾ ഇന്നും

ഉറവയായ് നിൽക്കെ

ഈ മണ്ണിൽ എന്തു സുഖം

എന്തു കൗതുകം

# മലയാള ഭാഷ

## ലേഖനം

**അനുപമ**



മലയാളത്തിന്റെ മഹത്വത്തെ കുഞ്ഞുണ്ണി മാഷ് വിശേഷിപ്പിക്കുന്നത് ഇങ്ങനെ.മലയാളം എന്നത് പഴയ ലിപിയിലെ 56 അക്ഷരമോ പുതിയ ലിപിയിലെ 51 അക്ഷരമോ അല്ല.അദ്ദേഹത്തിന് അമ്മയെപ്പോലെ മഹത്വമുള്ളതാണ് മലയാളഭാഷ. മലയുടെയും ആഴിയുടെയും ഇടയിൽ സ്ഥിതിചെയ്യുന്നതുകൊണ്ട് മലയാളം മാത്രം സംസാരിക്കുന്ന പ്രദേശങ്ങൾ കൂടിച്ചേർന്ന് മലയാളനാട് രൂപീകരിച്ചു. പല കവികളും കവയിത്രികളും മലയാള നാടിനെ ഒരുപാട് വർണ്ണിച്ചിട്ടുണ്ട് .ഇന്ത്യയിലെ 22 ഔദ്യോഗിക ഭാഷയിൽ ഒന്നാണ് മലയാളം. മലയാളഭാഷാ കൈരളി മലനാട് ഭാഷ എന്നും അറിയപ്പെടുന്നു.കേരളസംസ്ഥാനത്തിലെ ഭരണഭാഷയും കൂടിയാണ് മലയാളം. കേരളത്തിനും ലക്ഷദ്വിപിനും പുറമേ തമിഴ്നാട്ടിലെ ചില ഭാഗങ്ങളിലും കർണാടകയുടെ ദക്ഷിണകന്നഡ കൊടക് ഭാഗങ്ങൾ ഗൾഫ് രാജ്യങ്ങൾ സിംഗപ്പൂർ മലേഷ്യ എന്നിവിടങ്ങളിലെ കേരളീയ പൈതൃകമുള്ള അനേകം ജനങ്ങളും മലയാളം ഉപയോഗിച്ചുപോരുന്നു.

ദേശീയ ഭാഷയായി ഉൾപ്പെടുത്തിയത് മറ്റു 21 ഭാഷകളുടെപോലെ തനതായ വ്യക്തിത്വം ഉള്ളതിനാലാണ്. മലയാളഭാഷയുടെ ഉല്പത്തിയും പ്രാചീനതയും സംബന്ധിച്ച കാര്യങ്ങൾ ഇന്നും അവ്യക്തമാണ്. പഴയ തമിഴാണ് മലയാളത്തിൻെറ ആദ്യ രൂപമെന്നു കരുതുന്നു . യു .എ. യി.ലെ 4 ഔദ്യോഗിക ഭാഷകളിലൊന്ന് മലയാളമാണ് . മലയാളം സംസാരിക്കുന്ന ജനവിഭാഗത്തിനെ പൊതുവായി മലയാളികളെന്ന് വിളക്കുമ്പോഴും ഭാഷയുടെ കേരളീയ പാരമ്പര്യ പരിഗണിച്ച് കേരളീയർ എന്ന് വിളിച്ചു പോരുന്നു . ലോകത്താകമാനം 3.75 കോടി ജനങ്ങൾ മലയാള ഭാഷ സംസാരിക്കുന്നുണ്ട് . ദ്രാവിഡ ഭാഷാകുടുംബത്തിൽ ഉൾപ്പെടുന്ന മലയാളത്തിന് ഇതര ഭാരതീയ ഭാഷകളായ സംസ്കൃതം തമിഴ് എന്നീ ഉദാത്തഭാഷകളുമായി പ്രകടമായ ബന്ധമുണ്ട് . ഇതുകൊണ്ടൊക്കെ അർത്ഥമാക്കുന്നത് , ഈ ഭാഷ നിസ്സാരമല്ലെന്നും മലയാളികളായ നാം ഓരോരുത്തരും തിരിച്ചറിയണം എന്നതാണ് . നാം മലയാളിയാണ് എന്ന് നമുക്ക് അഭിമാനത്തോടെ പറയാൻ കഴിയണം . തുഞ്ചനും, കുഞ്ചനും, ഉള്ളൂരും , ചങ്ങമ്പുഴയും ,ഒഎൻവിയും ,മാധവിക്കുട്ടിയും , സുഗതകുമാരി ടീച്ചറും തുടങ്ങി നീണ്ട നിരതന്നെ മലയാള സാഹിത്യത്തിന്റെ അഭിമാന നിരകളിൽ നിൽക്കുമ്പോൾ . നാം എന്തിന് തലകുനിക്കണം. നമുക്ക് അഭിമാനത്തോടെ പറയാൻ സാധിക്കണം നാം മലയാളിയാണെന്ന് .

# സാന്ത്വനം

## കവിത

## പവിത്ര



ചിറകില്ല  പൂമ്പാറ്റയും  ചില്ലയില്ല മരവും

ചലനമില്ലായ്മയിൽ നിന്ന് ചലനമാവുമ്പോൾ

വൃക്ഷമാം  ശലഭങ്ങളായിരം ഭൂമിതൻ

വിചിത്രമാം ലോകത്തിൽ വിരളമായി

വിരളങ്ങൾ വിന്യാസമായ്മാറുമ്പോൾ

വിടരുന്ന വൃക്ഷ ശലഭങ്ങളായിരമായ്

അന്യമാം വസ്തുവും അലസ്സമാം  ലോകവും

ആയിരം  ആകാശ കണ്ണുകളും

എന്നുമീ ലോകത്തിൽ ഒറ്റപ്പെട്ടുമീ

ചിറകില്ല പൂമ്പാറ്റ നാമേവരും

മുന്നോട്ടുപോകാൻ കൊതിക്കും മനതാരിൽ

വിശാലമാം ഭൂമിയിലെത്രമാത്രം

വിചാരമായ് എന്നും വിശാലമാം ഭൂമിയിൽ

മറ്റുള്ളവർക്കേകാം സാന്ത്വനം നാം

പച്ച പുതച്ചൊരു ഭൂമിയും ലോകവും

മനസ്സാക്ഷിയായി എന്നും നിലനിൽക്കവെ

കണ്ണുകൾ അടക്കുമി ലോകവും ഭൂമിതൻ-

ഇരുട്ടിൽ നിറപ്പകിട്ടാർന്നതോടെ

മനുഷ്യനായി പിറന്നവർ മരണമില്ലായ്മയിൽ

മനുഷ്യത്വം കൊണ്ട് താൻ ഏകനല്ല

മനുഷ്യ ദൃക്സാക്ഷിയായ് ഏവരും ലോകവും

വെല്ലുവിളിച്ചൊരു ഓർമയെല്ലാം

ലോകത്ത് നാം നൽകും സാന്ത്വനമാമെല്ലാം

ഭൂലോകമെങ്ങും പറന്നിടട്ടെ.........

# വിവരവിനിമയ സാങ്കേതികവിദ്യ

**ലേഖനം**

**സീന ടീച്ചർ**



അറിവിൻറെ വിസ്പോടനം അനുനിമിഷം നടന്നുകൊണ്ടിരിക്കുന്ന ഒരു ലോകമാണ് ഇന്നത്തേത്. സാമൂഹ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും വിവരവിനിമയ സാങ്കേതികവിദ്യയുടെ ഉപയോഗം അതിവേഗം വ്യാപിച്ചുകൊണ്ടിരിക്കുന്നു. വ്യക്തികൾ തമ്മിലുള്ള ആശയ വിനിമയവും, ഉല്ലാസ-വാർത്ത മാധ്യമങ്ങളും എന്നുവേണ്ട സാമൂഹ്യ ജീവിതത്തിന്റെ സമസ്തമേഖലകളും മാറിക്കൊണ്ടിരിക്കുന്നു .ഭാഷകൾ മാറ്റത്തിന് വിധേയമാകുന്നു .സാഹിത്യസൃഷ്ടികളുടെ സ്വഭാവം, വായനാരീതി ,വായനാശീലം എന്നിവയിലും ഈ മാറ്റം കാണാം .സംസ്കാരം തന്നെ മാറുന്ന കാഴ്ച.

സേവനങ്ങളെല്ലാം കൂടുതൽ വിവരാധിഷ്ഠിതമാകുന്നു .വിദ്യാഭ്യാസവും ആരോഗ്യപരിപാലനവും പുതിയ രീതിയിൽ പുനസംഘടിപ്പിക്കപ്പെടുന്നു .സർക്കാർ സ്ഥാപനങ്ങളുടെയും, വകുപ്പുകളുടെയും നടത്തിപ്പും തിരിച്ചറിയപ്പെടാത്ത വിധം മാറ്റത്തിന് വിധേയമാകുന്നു .വ്യക്തിനിഷ്ഠവും സാമൂഹ്യവുമായ എല്ലാ ബന്ധങ്ങൾക്കും, കൂട്ടായ്മക്കും ,പ്രവർത്തനങ്ങൾ പ്രവർത്തനങ്ങൾക്കും പുതിയൊരു മാധ്യമം അതായത് സൈബർ സ്പെയ്സ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നു .സ്വതന്ത്രസോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിലൂടെ സ്വന്തം ശൃംഖല വിഭവങ്ങളും ശൃംഖലയും സ്ഥാപിച്ച് സംരക്ഷിച്ച് ഉപയോഗിക്കുന്നു.

ആധുനിക സാങ്കേതിക വിദ്യയുടെ ഗുണപരമായ അംശങ്ങളെ സ്വാംശീകരിക്കാൻ വിദ്യാഭ്യാസ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ ചുറ്റുപാടും സംഭവിക്കുന്ന മാറ്റങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും വൈവിധ്യവും രസകരവുമായ അനുഭവങ്ങളിലൂടെ അറിവിൻറെ നിർമ്മാണം നടത്തുന്നതിനും വിവരവിനിമയ സാങ്കേതിക വിദ്യ ഏറെ സഹായിക്കുന്നു. കേവലം സാങ്കേതികവിദ്യ പഠനം മാത്രമായി ചുരുക്കുന്നതിനപ്പുറം വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി പഠനപ്രക്രിയയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഒപ്പം സ്വയം പഠനത്തിനും ഉതകുന്നതരത്തിലുള്ള പ്രവർത്തനങ്ങളും പദ്ധതികളുംആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്നു. വിവരവിനിമയ സാങ്കേതികവിദ്യയിൽ

കുട്ടികളുടെ സ്വാഭാവിക താൽപര്യം  വർദ്ധിപ്പിച്ച്  വിജ്ഞാനത്തിന്റെ അനന്തവിഹായസ്സിലേക്ക്, സ്വതന്ത്രമായി ആത്മവിശ്വാസത്തോടെ പറക്കുന്നതിനുള്ള സഹായവും അഭിപ്രേരണയും നൽകുന്ന "ലിറ്റിൽ കൈറ്റ്" പോലെയുള്ള ഐടി കൂട്ടായ്മകൾ ഏറ്റവും നല്ല ഉദാഹരണങ്ങളാണ്. ഇൻറർനെറ്റ് ഇന്ത്യ ശരിയായ ഉപയോഗവും, സുരക്ഷയും, ഭാഷാകമ്പ്യൂട്ടിങ്, ഹാർഡ് വെയർ എന്നിങ്ങനെ വ്യത്യസ്തമേഖലകളിൽ വിദ്യാർത്ഥികളുടെ നൈപുണി വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണംചെയ്ത് നടപ്പിലാക്കുന്നതിലൂടെ വരും കാലത്തിൻറെ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും അനുസൃതമായി പുതുതലമുറയെ നാം വാർത്തെടുക്കാൻ തുടങ്ങിയിരിക്കുകയാണ്. ഇത് ഫലപ്രാപ്തിയിലെത്തുമെന്ന് പ്രതീക്ഷിക്കാം.




# ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് 2018-2019

# "അമ്മ കത്ത്"

കഥ

**അഭിജിത്ത്**



പതിവുപോലെ അലാറം കൃത്യസമയത്ത് തന്നെ അടിച്ചു സ്വപ്ന ലോകത്തുനിന്നും പ്രവർത്തികളുടെ ലോകത്തേക്കുള്ള ഒരു കയ്യൊപ്പുകൂടിയായിരുന്നു അത് . ഇന്നലെ ബാല്യകാലമായിരുന്നു ഹരിയുടെ സ്വപ്ന വിഷയം .അന്നത്തെ ഹരിയുടെ ആ ദിവസ്സത്തിന് വേറൊരു പ്രത്യേകത കൂടിയുണ്ടായിരുന്നു , ജന്മദിനം ഈ ഭൂമിയിലേക്ക് അവതാരമെടുത്തിട്ട് ഇന്നേക്ക് കൊല്ലം മുപ്പതാണ് . 1987 ൽ ഓടിത്തുടങ്ങിയ വണ്ടിയാണ് കാലപ്പഴക്കം വന്നു തേയ്മാനം ബാധിച്ചവയാണ് ഭാഗങ്ങളെല്ലാം , എൻജിൻ ഒഴികെ എന്നാലും ഉള്ളവ കൊണ്ട് അവയുടെ സഹായത്താൽ ഇന്നും ആ വണ്ടി മുന്നോട്ടു നീങ്ങുന്നു . നേരം അഞ്ചു മണി കാലിൽ നിന്ന് അഴിയുവാൻ ചുരുട്ടിക്കിടന്ന പുതപ്പുകൾക്ക് എന്തോ ഒരു മടിയെന്നപോലെ ,കാര്യം വേറെയൊന്നും അല്ല ഞായറാഴ്ചയാണ്, അതുകൊണ്ടാവാം ഇന്ന് സാധാരണദിവസത്തേതുപോലെ കിളികൾ ജനലരുകിലിരുന്നു പാടാതിരുന്നത് . എന്തു അവധിയാണേലും അവൾക്കൊരുമാറ്റവുമില്ല പറഞ്ഞു നാവെടുക്കുന്നതിനു മുമ്പേ കാപ്പി എത്തിയിരുന്നു .

പെട്ടന്നാണ് ആ കാഴ്ച ഹരിയുടെ കണ്ണിൽ എത്തി പെടുന്നത് . മക്കൾ മുറിക്കു പുറത്തു പാത്തും പതുങ്ങിയും നിൽക്കുന്നു കാപ്പി തൊടാനായി കയ്യ് അനക്കാൻ ശ്രമിച്ചു എന്നാൽ നീങ്ങിയില്ല, കുളികഴിഞ്ഞ് മക്കളുടെ വകക്ക് പിറന്നാൾ ആശംസകൾ , അവരെ സമാധാനിപ്പിച് ഞാൻ പതുക്കെ പേപ്പറിനടുത്തേക്ക് നീങ്ങി വായിച്ചില്ല കാരണം അത് അത്ര നല്ല പേപ്പർ ആയിരുന്നില്ല . മെല്ലെ ഹരി അടുക്കളയിലേക്ക് നീങ്ങി ,അവൾ അവിടത്തന്നെ നിൽക്കുന്നുണ്ട് എന്നാലും അടുത്തേക്ക് പോകുവാൻ ഒരു മടി . വേറെയൊന്നും അല്ല ചെറിയൊരു സൗന്ദര്യപിണക്കമാണ് , ഞാൻ അവിടെ ഉണ്ടെന്നറിഞ്ഞപാടെ അവൾ അടുക്കളയിൽ നിന്നിറങ്ങി . എവിടെ നിന്നോ അവൾ ഒരു പേപ്പർ കൊണ്ടുവന്നു .പേപ്പർ ആയിരുന്നില്ല അത് ഒരു കത്തായിരുന്നു .കത്തിൽ ഒരു സ്ത്രീയുടെ പേരായിരുന്നു അല്ല ഒരു അമ്മയുടെ പേര്. അതെനിക്ക് പിന്നീടാണ് മനസ്സിലായത് . കണ്ണടയുടെ സഹായത്താൽ അവ ഞാൻ വായിക്കാൻ ശ്രമിച്ചു അല്ല ഞാൻ വായിച്ചു. വടുവില്ലാത്ത ഭാഷയിൽ തെളിച്ചം ഇല്ലാത്ത കടലാസ്സിൽ കണ്ണുനീർ മഷിയാക്കി തന്റെ മകനയച്ച കത്തുകളായിരുന്നു അത് .കണ്ണുനീർ ആ കത്തിന്റെ മഷി മാത്രമായിരുന്നില്ല വായനക്കാരുടെ പ്രതികരണം കൂടിയായിരുന്നു .ഹരിയുടെ കാര്യത്തിലും ഇത് തന്നെയായിരുന്നു അവസ്ഥ. അവന്റെ കണ്ണുകളിൽ കണ്ണീരിന്റെ ഒരു ഉറവ പൊട്ടുകയായിരുന്നു ,കത്തിലെ സംഭവങ്ങളും പ്രശ്നങ്ങളും ഹരിക്ക് മനസ്സിലാക്കി കൊടുത്തു .അത് തനിക്കുള്ള കത്തല്ല ,സംഭവം മനസ്സിലായി കത്ത് അടുത്ത ഫ്ളാറ്റിലെ ഹരികൃഷ്ണനായിരുന്നു .സെക്യൂരിറ്റിക്ക് ഫ്ലാറ്റ് നമ്പർ മാറിയതാണ്. ജോലി തിരക്കുകൾക്കിടയിൽ ഒരു കാത്തുപോലും കൈപറ്റാനായിരുന്നില്ല.

അതിനാൽ അതും സെക്യൂരിറ്റിയുടെ ചുമതല ആയിരുന്നു .കണ്ണിൽ നനവുള്ളതുകൊണ്ടാവാം ശബ്ദം ഒന്ന് ഇടറി, ഇന്ന് വൈകീട്ടുള്ള വണ്ടിയിൽ നാട്ടിലേക്ക് പോകുന്നു. ഒരാഴ്ച കഴിഞ്ഞായിരിക്കും മടക്കം .ഇത് പറഞ്ഞു കസേരയിൽ നിന്നിറങ്ങി .അവിടെ ഒരു പൂന്തോട്ടമായിരുന്നു ഹരി കണ്ടത് പക്ഷെ ആ വിടർന്നു നിന്ന ആ മുഖങ്ങളെകാൾ പരിഭവമുള്ള മുഖമായിരുന്നു ഇഷ്ടം . ഒരു പക്ഷെ ആ ഭാവം  എല്ലാ ദമ്പതിമാരുടെയും കൂടപ്പിറപ്പായിരുന്നു. ഒരാഴ്ച എന്ന് ഹരിയുടെ നാവിൽ നിന്നും കേൾക്കണ്ട താമസമേയുള്ളൂ, അവർ വസ്ത്രങ്ങൾ എടുത്തുവയ്ക്കാൻ തുടങ്ങി . പിന്നീട്  അവന്റെ മുന്നിൽ ആ കത്ത് മാത്രാമായിരുന്നു .അത് അതിന്റെ യഥാർത്ഥ അവകാശിയുടെ കയ്യിൽ എത്തിക്കണം . കക്ഷിയെ ഹരിക്ക് നേരത്തെ പരിചയമുണ്ടായിരുന്നു. സായാഹ്നങ്ങളിൽ ഫ്ലാറ്റിനു മുകളിലെ ഒത്തു കൂടലിൽ ആയാളും ഒരു പങ്കാളിയായിരുന്നു .ഒന്നോ രണ്ടോ പ്രാവിശ്യം മാത്രമേ തമ്മിൽ സംസാരിച്ചിട്ടുള്ളൂ  .സ്ഥലം എസ്. ഐ യാണ് ,ശമ്പളത്തേക്കാൾ കിമ്പളത്തോടാണ് താൽപര്യമെന്നും,വയസ്സ് 30 കഴിഞ്ഞിട്ടും പെണ്ണും പിടക്കോഴിയും ഒന്നും ഇല്ലാതെയാണ് താമസ്സമെന്നും കേട്ടുകേൾവിയുണ്ടായിരുന്നു .പക്ഷെ ഒന്നറിയ്യാം കാലങ്ങളോളം തലസ്ഥാനനഗരിയിലായിരുന്നു ജോലി ,അവിടെനിന്നും സ്ഥലമാറ്റം കിട്ടിയതാണ് .പണ്ട് ഈ നാട് സ്ഥാലംമാറ്റത്തിനുള്ള നാടായിരുന്നു. അട്ടപ്പാടി എന്ന് കേൾക്കുമ്പോൾത്തന്നെ ഒരു കാലത്ത് ഉദ്യോഗസ്ഥർ ഭയന്നിരുന്നു  .എന്നാൽ ഇന്ന് അങ്ങനെയല്ല അട്ടപ്പാടിയും ഇന്നൊരു നഗരമാണ് .കൊല്ല 5 ആയി  അവിടെ താമസം തുടങ്ങിയിട്ട്  യാതൊരു ശല്യവുമില്ല .ശിരുവാണി പുഴയിലെ തെളിഞ്ഞ വെള്ളം  വാരാന്ത്യങ്ങളിൽ ആ പുഴയോരം അവർക്കൊരു ചങ്ങാതിയായിരുന്നു .പലതും അവർ അതിൽ നിന്നും പഠിച്ചു. തിളങ്ങുന്ന ചക്രവാളങ്ങൾ പുഴ പ്രതിഫലിക്കുന്നത് കാണാൻ, കാട്ടുകുരുവിയുടെ പാട്ട് കേൾക്കാൻ ,തമിഴും മലയാളവും ചേർന്ന അട്ടപ്പാടിക്കാരൻ  അവന്റെ കാടിന്റെ ഭംഗി ആസ്വദിക്കാൻ പോയിട്ട് കാണാൻ പോലും ആരുമില്ല .സർക്കാർ വകയ്ക്ക് യാതൊരു സഹായവുമില്ലാതെ ഉപേക്ഷിക്കപ്പെട്ട  അനാഥ ജന്മങ്ങൾ ,അതിലൊരുവനെ ഈയിടക്ക് തല്ലികൊല്ലുകയും ചെയ്തു . കത്ത്  യഥാർത്ഥ ഉടമസ്ഥനെ ഉടനെത്തന്ന എത്തിക്കണം .കത്ത് നൽകി ,കത്ത് വായിച്ചു തീർന്ന മകന്റെ കണ്ണുകൾ നിറഞ്ഞിരുന്നു .കുറ്റ ബോധം കൊണ്ട് അവന്റെ തല കുനിഞ്ഞിരുന്നു. മകന് ഇനി ഒരു കത്തയക്കണമെങ്കിൽ, ആരോടെങ്കിലും കേണപേക്ഷിക്കണം .

വണ്ടി ചുരമിറങ്ങി, പാലക്കാട് നഗരമധ്യത്തിൽ നിന്നും നാട്ടിൻ പുറത്തേക്ക് .ആദ്യമേ കണ്ടത് പാലക്കാട്ടുകാരന്റെ മുദ്രയായ കരിമ്പനയാണ്  .അത് മീനച്ചൂടിൽ വരണ്ട പാടങ്ങളിൽ കാവൽക്കാരനെപ്പോലെ നിലകൊള്ളുന്നു .അവയ്ക്ക് മീതെ തീക്കാറ്റ് ഉയരുമ്പോൾ ,പാലക്കാട്ടുകാരന്റെ നാട്ടിലെ കാവുകളിലെല്ലാം  പൂരം കൊടിയേറിക്കഴിഞ്ഞു  ,പൂര പ്രേമികളുടെ മനസ്സിലും  .

വണ്ടി  ഖസാക്കിലേക്കുള്ള കവാടത്തിലെത്തി ,രവി പിന്നിട്ട ആ പാതകൾ .  ശാഖകളിൽ ഇന്നും പാടുന്ന അത്തരം കിളികൾ ഇനിയും മധുരമായി പാടട്ടെ ................

# കമ്പ്യൂട്ടറിന്റെ പ്രസക്തി

## ലേഖനം

## സിമിടീച്ചർ



സമകാലിക ജീവിതത്തിൽ അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാനം അത്യന്താപേക്ഷിതമാണ്. കമ്പ്യൂട്ടർ ഇല്ലാതെ ജീവിതം ചിന്താതീതമാണ് .ആബാലവൃദ്ധം അനുനിമിഷം ഈ ഇലക്ട്രോണിക് ഉപകരണത്തിന്റെ ഉപഭോക്താക്കളായി പരിണമിച്ചിരിക്കുന്നു .അതിനാൽ കമ്പ്യൂട്ടറിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തി കുട്ടികളുടെ കലാപരമായും സർഗാത്മകവുമായ വാസനകളെ പരിപോഷിപ്പിക്കേണ്ടതിനായി ബാല്യകാലത്തുതന്നെ കമ്പ്യൂട്ടർ വിജ്ഞാനം നൽകേണ്ടതാണ്. മാർഗ്ഗദർശികളായ നാം അനുദിന സാഹചര്യത്തിൽ കമ്പ്യൂട്ടറിന്റെ പ്രസക്തിക്ക് അനുസൃതമായി കുട്ടികളെ സുസജ്ജരാകേണ്ടതാണ്.

## അക്ഷരസുഹൃത്തുക്കൾ

മഹാപ്രളയത്തിൽ മുങ്ങിപ്പൊങ്ങിയ കേരളത്തിന്റെ പുനഃസൃഷ്ടിയിൽ

കാവശ്ശേരി കെ.സി.പി.സ്കൂളിലെ ലിറ്റിൽ കൈറ്റ്സ്

നഷ്ടപ്പെട്ട മേൽവിലാസത്തെ പറ്റി വേദനിക്കുന്നവർക്ക്

പുതിയ മേൽവിലാസങ്ങളിലൂടെ അക്ഷരവെളിച്ചം പകർന്ന്

അകലങ്ങളിലെ കൂട്ടുകാരെത്തേടി ഇരുന്നോറോളം

ഹൈസ്കൂൾ നോട്ടുബുക്കുകൾ പകർത്തിയെഴുതി..........



HTTPS://KITEPALAKKAD.BLOGSPOT.COM/2018_08_28_ARCHIVE.HTML

## പദശേഖരം


വാരണാസി..........34
അതിജീവനത്തിന്റെ..........16
അദ്ധ്യാപനം..........32
അമൃതമായി..........13
അമ്മ കത്ത്..........43
ആബാലവൃദ്ധം..........45
ഉയർത്തെഴുന്നേറ്റ..........21
ഓർമ്മകൾ..........24
കണ്ണിരുറവകൾ..........36
കാതിൽ മന്ത്രിച്ച..........28
കാറ്റിന്റെ..........18
കൊഴിഞ്ഞ ഇലകൾ..........19
ഖജുരാഹോ..........34
ഗൗരിലങ്കേഷ്..........19
ചതി..........29
ചന്ദേല രാജവംശ..........35
ചിന്തയുടെ അന്ത്യം..........33
ചില ഏട്ടുകൾ..........30
ഝാൻസി ,ഓർത്ഛ,പന്ന ,ഖജുരാഹോ..........34
ടി.എസ് .ബൂർട്ട്..........35
തംബുരു..........13
തലോടുന്ന ഭാഷ..........14
ദക്ഷിണകന്നഡ..........37
ദാഹിയാകുമ്പോൾ..........12
ദീപ്തമാകട്ടെ..........32
പുഴകളും..........11
പ്രകൃതി..........12
പ്രണയം..........22
പ്രതികാര..........12
ഭക്ഷണം..........15

ഭീകര.....27
മഴത്തുള്ളികളെ.....17
മാതൃത്വത്തിന്റെ.....13
മോഹം.....22
യാത്രാവിവരണം.....30
വഞ്ചികൾ.....25
വിജനതയിൽ.....25
സാങ്കേതികവിദ്യ.....40
സാന്ത്വനം.....38

## പത്രാധിപസമിതി

പി സി ഗീത

ആർഷ കെ എസ്

രേണു കെ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും

നന്ദി...